ഉത്തരം

(എ) തലശ്ശേരി മുൻസിപ്പൽ സ്റ്റേഡിയം നവീകരണത്തിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും തുക അനുവദിച്ചിട്ടില്ല.

(ബി) ബാധകമല്ല.

കവിയൂർ-കുന്നാനം റോഡ് ടാർ ചെയ്യാൻ നടപടി

243 (4875) ശ്രീ.. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവിയൂർ-കുന്നാനം ശുദ്ധജല പദ്ധതിക്ക് വേണ്ടി പൈപ്പ് സ്ഥാപിക്കുവാൻ റോഡ് കുഴിച്ചത് ടാർ ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡ് അടിയന്തരമായി ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പണി അടിയന്തരമായി ചെയ്ത് റോഡ് ഗതാഗത യോഗ്യമാക്കുന്നതിനായി റെക്ടിഫിക്കേഷൻ വർക്ക് അറേഞ്ച് ചെയ്ത് കരാർ കൊടുക്കുകയും കരാറുകാരൻ പണി നടത്തുന്നതിനുള്ള മെറ്റീരിയൽസ് ഇറക്കുകയും ചെയ്തിട്ടുണ്ട്. പണി ഉടനെ തന്നെ തുടങ്ങുന്നതാണ്.

ആറ്റിങ്ങൽ ബൈ പാസ് റോഡ് നിർമ്മാണം

244 (4876) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ദേശീയ പാതവികസനത്തിൽ നിന്നും ദേശീയ പാത അതോറിറ്റി പിൻമാറിയ സാഹചര്യത്തിൽ വീണ്ടും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ ദേശീയ പാത അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തീയതിയും കത്തിന്റെ പകർപ്പും നൽകാമോ;

(ബി) നിർദ്ദിഷ്ട ആറ്റിങ്ങൽ ബൈ പാസ് റോഡ് നിർമ്മാണം സ്റ്റാന്റ് എലോൺ പ്രോജക്ട് ആയി അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ബൈ പാസ് റോഡ് നിർമ്മാണത്തിന് മറ്റ് തടസ്സങ്ങൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ദേശീയപാത അതോറിറ്റിക്ക് ഈ വിഷയത്തിൽ ആവശ്യമായ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 30-10-2014-ൽ ബഹുമാനപ്പെട്ട കേന്ദ്ര റോഡ് ഗതാഗതവകുപ്പ് മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കൂടാതെ 2-12-2014-ൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം സെക്രട്ടറിക്കും ഇതേ ആവശ്യം ഉന്നയിച്ച് ചീഫ് സെക്രട്ടറിയും കത്തയച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ദേശീയപാത വികസന പദ്ധതിയിൽപ്പെട്ട എൻ.എച്ച്.47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ ആറ്റിങ്ങൽ ബൈപ്പാസും ഉൾപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ഈ ഭാഗത്തെ വികസനം ദേശീയപാതാ വികസന പദ്ധതിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ച സാഹചര്യത്തിൽ പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. ഈ തീരുമാനം പുനപരിശോധിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അരേങ്ങാട് പാലം നിർമ്മാണം

245 (4877) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ അരേങ്ങാട് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് ഏത് ഉത്തരവുപ്രകാരമാണ്;

(ബി) പാലം നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണ്;

(സി) അരേങ്ങാട് പാലം നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അരേങ്ങാട് പാലം നിർമ്മാണത്തിനായി 9-11-2011-ലെ സ.ഉ.(സാധാ) നമ്പർ 1540/11/പൊ.മ.വ പ്രകാരം 195 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) സാങ്കേതികാനുമതി നൽകുന്നതിനായി എസ്റ്റിമേറ്റ് തയ്യാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly